**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1712** **20-06-2024 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി വിലയിനത്തിൽ ഹോർട്ടികോർപ്പ് കർഷകർക്ക് നൽകാനുള്ള കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പച്ചക്കറിയുടെ വില ഇനത്തിൽ സംസ്ഥാനത്തെ കർഷകർക്ക് ഹോർട്ടികോർപ്പ് തുക നൽകാനുണ്ടോ; എങ്കിൽ നൽകാനുള്ള കുടിശികയുടെ വിശദാംശം വ്യക്തമാക്കുമോ; കുടിശിക പൂർണ്ണമായും എന്നത്തേക്ക് വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; കുടിശിക വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) | ഉണ്ട്. 2024 മാർച്ച് മാസം വരെ കർഷകരിൽ നിന്നും സംഭരിച്ച പച്ചക്കറിയുടെ തുക ഹോർട്ടികോർപ്പ് നല്കി കഴിഞ്ഞു. 2024 ഏപ്രിൽ മാസത്തെ തുകയായി Rs.58,07,242 രൂപയും മെയ് മാസത്തെ തുകയായി Rs.37,51,784 രൂപയും ചേർത്ത് ആകെ Rs.95,59,026 രൂപയാണ് കർഷകർക്ക് നിലവിൽ നല്കുവാനുള്ളത്. ഏപ്രിൽ, മെയ് മാസങ്ങളിലെ കർഷകർക്ക് നല്കുവാനുള്ള തുകയുടെ ബില്ലുകളുടെ പരിശോധന നടന്നു വരുന്നു. അത് പൂർത്തിയായാൽ ഉടനടി തുക വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ